# സൈലന്റ് വാലിയിൽ വൻ ഉരുൾപൊട്ടൽ



സൈലന്റ്‌വാലി ദേശീയോദ്യാനത്തിൽ സൈരന്ധ്രിയിൽ കുന്തിപ്പുഴയ്ക്കു കുറുകെയുള്ള തൂക്കുപാലം തകർന്ന നിലയിൽ

## വൻ നാശനഷ്ടം, പാലം ഒലിച്ചുപോയി

**മനോരമ ലേഖകൻ**

അഗളി ● ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും സൈലന്റ് വാലി ദേശീയോദ്യാനത്തിൽ വൻ നാശനഷ്ടം. സൈരന്ധ്രിയിൽ കുന്തിപ്പുഴയ്ക്കു കുറുകെ പുനർനിർമിച്ച തൂക്കുപാലം ഒഴുകിപ്പോയി.

കഴിഞ്ഞ 15, 16 തീയതികളിലുണ്ടായ പേമാരിയിലാണു നിശബ്ദ താഴ്‌വരയിൽ നാശനഷ്ടങ്ങളുണ്ടായത്. മുക്കാലിയിൽ നിന്നു സൈരന്ധ്രിവരെയുള്ള 23 കിലോമീറ്റർ റോഡ് ഉരുൾപൊട്ടിയും മണ്ണിടിഞ്ഞും മരങ്ങൾ വീണും തടസ്സപ്പെട്ട നിലയിലാണ്. ആദ്യ അഞ്ചു കിലോ മീറ്റർ ദൂരമേ വാഹനം പോവുകയുള്ളൂ. പാന്തൻതോട് മുതൽ സൈരന്ധ്രിവരെയുള്ള 10 കിലോമീറ്ററിലാണ് ഏറെ നാശം. ഇവിടെ അൻപതോളം ഇടങ്ങളിൽ മണ്ണിടിഞ്ഞിട്ടുണ്ട്. സൈലന്റ് വാലി കോർ ഏരിയ തുടങ്ങുന്ന സ്വാഗതകമാനം മുതൽ സൈരന്ധ്രി വരെ റോഡ് പൂർണമായി തകർന്നു. പലയിടത്തും റോഡ് പുനർനിർമിക്കണം.

സഞ്ചാരികൾക്കുള്ള നിയന്ത്രണം മൂന്നു മാസമെങ്കിലും തുടരുമെന്നാണു സൂചന. സൈലന്റ്‌വാലിക്കടുത്തുള്ള സ്വകാര്യ തോട്ടത്തിൽ മൂപ്പതോളം തൊഴിലാളി കുടുംബങ്ങളും ഒറ്റപ്പെട്ട നിലയിലാണ്.

**Malayala Manorama**
**30 August 2018**
**Silent Valley; Landslide**